**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5141** **02-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ കോർപ്പറേഷനിലെ വനിതാ ജീവനക്കാരിയുടെ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കെതിരെ സ്ഥാപനത്തിലെ വനിതാ ജീവനക്കാരി തൊഴിൽ സ്ഥലത്ത് ലൈംഗികമായി പീഡിപ്പിച്ചു എന്ന പരാതി നൽകിയിട്ടുണ്ടോ; | (എ) | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടർക്കെതിരെ സ്ഥാപനത്തിലെ ജീവനക്കാരി തന്നെ മാനസികമായി പീഡിപ്പിച്ചുവെന്ന പരാതി നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി മുമ്പാകെ നല്കിയ പരാതി കോട്ടയം കളക്ടറേറ്റിലെ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിക്ക് (എൽ.സി.സി) കൈമാറുകയും ടി പരാതി പരിശോധിച്ച കോട്ടയം ജില്ലാ ശിശു വികസന ആഫീസറുടെ ശുപാർശ പ്രകാരം കോട്ടയം ജില്ലാ കളക്ടർ & ജില്ലാ ഓഫീസർ, ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിയുടെ 12.8.2021 ലെ DCKTM/3400/2021-M1 നമ്പർ കത്ത് പ്രകാരം പി.സി.കെ.എൽ മാനേജിംഗ് ഡയറക്ടർക്കെതിരെ Sexual Harassment of Women at Work Place (Prevention , Prohibition and Redressal) Act 2013 Chapter 5, Section 13 (3) പ്രകാരം നടപടി സ്വീകരിക്കുവാൻ നല്കിയ ശുപാർശ ഇക്കാര്യത്തിലുള്ള നടപടിക്രമം പൂർണ്ണമായും പൂർത്തീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 25.10.2021 ലെ Agri-PU1/82/2021-Agri നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടർ & ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി ജില്ലാ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പരാതിയിൻമേൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് കോർപ്പറേഷനിൽ താല്ക്കാലിക ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമായ സ്ഥലത്താണ്. അപ്രകാരം ജീവനക്കാരെ ആവശ്യമെന്ന് ബോദ്ധ്യപ്പെട്ട ജില്ലയിലാണ് ടിയാരിക്ക് നിയമനം നല്കിയത്. 22.6.2021 ന് ജോലിക്ക് റിപ്പോർട്ട് ചെയ്ത ജീവനക്കാരി |

| | | | |
|---|---|---|---|
| | | | ഗർഭിണിയാണെന്നതിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണനയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ സൌകര്യപ്രദമായ പത്തനംതിട്ട ജില്ലയിലെ കൊടുമൺ എസ്റ്റേറ്റിലേയ്ക്ക് 30.7.2021 -ാം തീയതി മുതൽ നിയോഗിച്ചിരുന്നു. തുടർന്ന് 13.9.2021 തീയതി മുതൽ ടിയാരി പ്രസവാവധിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. |
| (സി) | മാനേജിംഗ് ഡയറക്ടർക്കെതിരെ അന്വേഷണവിധേയമായി നടപടി സ്വീകരിക്കുമോ; | (സി) | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടർക്കെതിരെ സ്ഥാപനത്തിലെ ജീവനക്കാരി തന്നെ മാനസികമായി പീഢിപ്പിച്ചുവെന്ന പരാതി നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി മുമ്പാകെ നല്കിയ പരാതി കോട്ടയം കളക്ടറേറ്റിലെ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിക്ക് (എൽ.സി.സി) കൈമാറുകയും ടി പരാതി പരിശോധിച്ച കോട്ടയം ജില്ലാ ശിശു വികസന ആഫീസറുടെ ശുപാർശ പ്രകാരം കോട്ടയം ജില്ലാ കളക്ടർ & ജില്ലാ ഓഫീസർ, ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിയുടെ 12.8.2021 ലെ DCKTM/3400/2021-M1 നമ്പർ കത്ത് പ്രകാരം പി.സി.കെ.എൽ മാനേജിംഗ് ഡയറക്ടർക്കെതിരെ Sexual Harassment of Women at Work Place (Prevention , Prohibition and Redressal) Act 2013 Chapter 5, Section 13 (3) പ്രകാരം നടപടി സ്വീകരിക്കുവാൻ നല്കിയ ശുപാർശ ഇക്കാര്യത്തിലുള്ള നടപടിക്രമം പൂർണ്ണമായും പൂർത്തീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 25.10.2021 ലെ Agri-PU1/82/2021-Agri നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടർ & ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി ജില്ലാ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഗർഭിണിയായ ജീവനക്കാരിയെ ജില്ല മാറ്റി സ്ഥലം മാറ്റം ചെയ്തതായി ആരോപിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റം ചെയ്ത ഈ നടപടി റദ്ദ് ചെയ്ത് ടി ജീവനക്കാരിയെ തിരികെ പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് കോർപ്പറേഷനിൽ താല്ക്കാലിക ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമായ സ്ഥലത്താണ്. അപ്രകാരം ജീവനക്കാരെ ആവശ്യമെന്ന് ബോദ്ധ്യപ്പെട്ട ജില്ലയിലാണ് ടിയാരിക്ക് നിയമനം നല്കിയത്. 22.6.2021 ന് ജോലിക്ക് റിപ്പോർട്ട് ചെയ്ത ജീവനക്കാരി ഗർഭിണിയാണെന്നതിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണനയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ സൌകര്യപ്രദമായ പത്തനംതിട്ട ജില്ലയിലെ കൊടുമൺ എസ്റ്റേറ്റിലേയ്ക്ക് 30.7.2021 -ാം തീയതി മുതൽ നിയോഗിച്ചിരുന്നു. തുടർന്ന് |

| | | | |
|---|---|---|---|
| | | | 13.9.2021 തീയതി മുതൽ ടിയാരി പ്രസവാവധിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ